**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **29-07-2021 - ൽ മറുപടിയ്ക്ക്**

**വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ രംഗത്തു നിക്ഷേപം പ്രോത്സാഹിപ്പിക്കുവാനും കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർനടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ |

| | | | |
|---|---|---|---|
| | | | സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതും 50കോടിയിൽ അധികം മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച "2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതികൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള വ്യവസായങ്ങളെ തകർക്കുന്നതും പുതിയ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നതുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അത്തരത്തിൽ ഒരു ആരോപണം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗിലെ സ്ഥാനം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (DPIIT) 2019-ൽ പ്രസിദ്ധീകരിച്ച റാങ്കിങ്ങിൽ കേരളം 28–ാം സ്ഥാനത്താണ് കാണുന്നത്. കേരളത്തിനു പ്രത്യേകമായുള്ളചില സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുക്കാതെയുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ റാങ്കിങ്ങിൽ പിന്നോട്ടുപോയിട്ടുള്ളതെന്നു വിലയിരുത്തിയിട്ടുണ്ട് . 2020 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി. ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തി ക്കൊണ്ടിരിക്കുകയാണ്. ഇതിന് ശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ |

| | | | |
|---|---|---|---|
| | | | സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിങ് നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ